## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *607
**28.10.2011 - ലെ മറുപടിയ്ക്ക്**

## പലിശ രഹിത വിദ്യാഭ്യാസ വായ്പ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ഇ.കെ. വിജയൻ;<br>ശ്രീ. വി. എസ്. സുനിൽ കുമാർ;<br>ശ്രീമതി. ഗീതാ ഗോപി;<br>ശ്രീ. ജി.എസ്. ജയലാൽ; | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും<br>വകുപ്പ് മന്ത്രി |
| എ) | ഒരു ലക്ഷത്തിനു താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | കേരള സർക്കാർ ഇത്തരത്തിലുള്ള പദ്ധതികൾ നേരിട്ട് നടത്തുന്നില്ല. എന്നാൽ സർക്കാരിന്റെ കീഴിലുള്ള വിവിധ കോർപ്പറേഷനുകൾ വഴി ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>കെ.എസ്.എഫ്.ഇ., കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്റ്റ്യൻ കൺവെർട്ടഡ്സ് ഫ്രം ഷെഡ്യൂൾഡ് കാസ്റ്റ് & ദി റെക്കമെന്റഡ് കമ്മ്യൂണിറ്റീസ്, കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ്സസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ എസ്.സി./എസ്.റ്റി. എന്നിവ വഴി വിദ്യാഭ്യാസ വായ്പ നൽകി വരുന്നു. |
| ബി) | എങ്കിൽ ഈ വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് എത്രയായി നിശ്ചയിച്ചിട്ടുണ്ടെന്നും അതിൽ സർക്കാർ വിഹിതം എത്രയെന്നും വ്യക്തമാക്കുമോ; | എ) കെ.എസ്.എഫ്.ഇ. യിൽ ഒരു ലക്ഷം രൂപയിൽ താഴെമാത്രം വാർഷിക വരുമാനമുള്ള ദുർബല വിഭാഗങ്ങൾക്ക് 12% പലിശയിന്മേൽ 4% സർക്കാർ സബ്സിഡി അനുവദിച്ചിട്ടുണ്ട്. അതിനാൽ അവർക്ക് 8% പലിശയേ അടയ്ക്കേണ്ടതുള്ളൂ.<br>ബി) കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്റ്റ്യൻ കൺവെർട്ടഡ്സ് ഫ്രം ഷെഡ്യൂൾഡ് കാസ്റ്റ് & ദി റെക്കമെന്റഡ് കമ്മ്യൂണിറ്റികൾക്ക് 5 ലക്ഷം രൂപ വായ്പ തുകയും പലിശ 6% വും ആണ്. ഇവരുടെ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ള വർക്ക് പ്രതിവർഷം 40,000/- രൂപയും നഗര പ്രദേശങ്ങളിലുള്ളവർക്ക് 55,000/- രൂപയുമാണ്. |

| | | |
|---|---|---|
| | | സി) കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ്സസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ന്യൂനപക്ഷങ്ങൾക്ക് 2 ലക്ഷം രൂപയും (3% പലിശ) ഒ.ബി.സി വിഭാഗങ്ങൾക്ക് 3 ലക്ഷം രൂപയും (4% പലിശ) വായ്പ നൽകി വരുന്നു. ഇതിനുള്ള വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 40,000/- രൂപയും നഗരങ്ങളിലുള്ളവർക്ക് 55,000/- രൂപയുമാണ്.<br>ഡി) കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ എസ്.സി./എസ്.റ്റി. കേരളത്തിനകത്ത് പഠിക്കുന്ന കുട്ടികൾക്ക് ഒരു ലക്ഷം രൂപയും കേരളത്തിനു പുറത്തു പഠിക്കുന്നവർക്ക് രണ്ടരലക്ഷം രൂപയും വായ്പയായി നൽകുന്നു. ഇതിൽ വാർഷിക വരുമാന പരിധി രണ്ടര ലക്ഷം രൂപയും പലിശ 6% വും ആണ്. |
| സി) | പലിശ രഹിത വിദ്യാഭ്യാസ വായ്പ നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയത് എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | ഇപ്പോൾ ആലോചനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**